10 (*66) കാർഷികമേഖലയുടെ സമഗ്രവികസനം

ശ്രീ. പി.ജെ. ജോയി :
ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് മൂലധനം സ്വരൂപിക്കുന്നതിന് പ്രത്യേക കമ്പനി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എതൊക്കെ ഏജൻസികളിലാണ് പണം സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) രൂപീകരിക്കാനുദ്ദേശിക്കുന്ന കമ്പനിയുടെ ഘടന വിശദമാക്കുമോ;

(ഡി) കമ്പനി സ്വരൂപിക്കുന്ന പണം ഏതൊക്കെ വിധത്തിൽ കാർഷിക മേഖലയിൽ മുടക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഈ കമ്പനി ലാഭേച്ഛയോടുകൂടി പ്രവർത്തിപ്പിക്കാനാണോ ലക്ഷ്യമിട്ടിട്ടുള്ളത്;

(എഫ്) കാർഷിക മേഖലയിലെ ചെറുകിടക്കാർക്ക് ഇതു കൊണ്ട് പ്രയോജനം ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ;

(ജി) തകർന്നുകൊണ്ടിരിക്കുന്ന കാർഷിക മേഖലയ്ക്ക് ഇത്തരം കമ്പനികൾ ബാധ്യതയായി മാറുമെന്ന അഭിപ്രായം ഗവണ്മെന്റ് പരിഗണിച്ചിട്ടുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്ത് ഒരു കാർഷിക വികസനകാര്യകമ്പനി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) നബാർഡ് തുടങ്ങിയ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും സഹായധനം ലഭ്യമാക്കാനുള്ള സാധ്യതയാണ് പരിശോധിക്കുന്നത്.

(സി) കമ്പനിയുടെ ഘടനയ്ക്ക് അന്തിമ രൂപം നൽകിയിട്ടില്ല.

(ഡി)(ഇ)&(എഫ്) നേരിട്ട് വ്യവസായങ്ങൾ ആരംഭിക്കുക എന്നതിൽ നിന്നും വ്യത്യസ്തമായി കാർഷികാധിഷ്ഠിത വ്യവസായ സംരംഭകർക്ക് എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി അവരെക്കൊണ്ട് കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുക എന്നതാണ് ഉദ്ദേശം. കമ്പനിയുടെ ഘടനയെക്കുറിച്ചും ലക്ഷ്യങ്ങളെക്കുറിച്ചും പ്രവർത്തനരീതിയെക്കുറിച്ചും വിശദമായി ചർച്ച ചെയ്തുവരുന്നു.

(ജി) ചോദ്യം ഉദിക്കുന്നില്ല.

11 (*67) ചെറുകിട വായ്പാ സൗകര്യം

ശ്രീമതി എൻ.കെ. രാധ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :

LIBRARY ARCHIVES Kerala Legislative Assembly